LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിൽ പ്ലസ് ടു അദ്ധ്യാപകർക്ക് സ്ഥിരം നിയമനം നടത്താൻ നടപടി

109 [661] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ പ്ലസ് ടു അദ്ധ്യാപകരെ നിയമിക്കുവാനുള്ള മാനദണ്ഡം നിശ്ചയിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ സ്കൂളുകളിൽ സ്ഥിരമായി അദ്ധ്യാപകരെ നിയമിക്കാത്തതു കാരണം അദ്ധ്യയനം നടക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സെറ്റ് പാസ്സായ അദ്ധ്യാപകർക്ക് സർക്കാർ സകൂളുകളിൽ സ്ഥിരം നിയമനം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-12-1991-ലെ ഗവ. ഉത്തരവ് ജി. ഒ. (എംഎസ്.) 18/91/പൊതു. വി. വ. പ്രകാരമാണ് സർക്കാർ സ്കൂളുകളിൽ പ്ലസ് ടു അദ്ധ്യാപകരെ നിയമിക്കുവാനുള്ള മാനദണ്ഡം താൽക്കാലികമായി നിശ്ചയിച്ചത്. പിന്നീട് 16-4-2001-ലെ സർക്കാർ ഉത്തരവ് (പി.) നമ്പർ 144/2001/പൊ. വി. പ്രകാരം ഹയർ സെക്കൻഡറി സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള സ്പെഷ്യൽ റൂൾസ് നിലവിൽ വന്നു.

(ബി, സി) സർക്കാർ സ്കൂളുകളിൽ ഹയർ സെക്കൻഡറി അദ്ധ്യാപകരെ സ്ഥിരാടിസ്ഥാനത്തിൽ നിയമിക്കുന്നതിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ പി. എസ്. സി. ഇതിനകം തന്നെ ടെസ്റ്റ് നടത്തിക്കഴിഞ്ഞു. കൂടാതെ നിശ്ചിത യോഗ്യതയുള്ള ഡിപ്പാർട്ടുമെന്റൽ ടീച്ചർമാരിൽ നിന്നും 25% ക്വാട്ടയിൽ ട്രാൻസ്ഫർ മുഖേനയുള്ള നിയമനവും നടത്തി വരുന്നു. വേണ്ടത്ര അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ഗസ്റ്റ് ലക്ചറർമാരുടെ സേവനവും ഉപയോഗപ്പെടുത്തിവരുന്നു. ഈ സാഹചര്യത്തിൽ അദ്ധ്യയനത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എയിഡഡ് ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളുടെ അംഗീകാരം

110 [662] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: